(ബി) ജില്ലാ ഉപഭോക്തൃ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) കണ്ണൂർ ജില്ലാ ഉപഭോക്തൃ സമിതി അംഗങ്ങളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം ഇപ്പോൾ നിലവിലില്ല. 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമമനുസരിച്ച് മൂന്നു വർഷക്കാലത്തേക്ക് രൂപീകരിച്ചിരുന്ന സംസ്ഥാന സമിതിയുടെ കാലാവധി 31-5-2005-ൽ അവസാനിച്ചു.

(ബി, സി) ഉപഭോക്തൃ സംരക്ഷണ നിയമത്തിന് 2002-ലെ ഭേദഗതി പ്രകാരം എല്ലാ ജില്ലകളിലും ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിക്കണമെന്ന വ്യവസ്ഥ പ്രകാരം ജില്ലകളിൽ ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പൊതുവിപണിയിൽ മിനി സൂപ്പർ മാർക്കറ്റുകളും ലാഭ കേന്ദ്രങ്ങളും ആരംഭിക്കുവാൻ നടപടി

78 [2067] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര ലാഭം മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, മിനി സൂപ്പർ മാർക്കറ്റ്, മറ്റ് വിവിധ ഷോപ്പുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിപണിയിൽ ശക്തമായി ഇടപെടുന്ന സിവിൽ സപ്ലൈസ് വകുപ്പ് കൂടുതൽ മിനി സൂപ്പർ മാർക്കറ്റുകളും ലാഭ കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എല്ലാ പ്രധാന ജംഗ്ഷനുകളിലും ഇത്തരം ഷോപ്പുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 164 ലാഭം മാർക്കറ്റുകൾ, 129 മാവേലി സ്റ്റോറുകൾ, 19 മെഡിക്കൽ ഷോപ്പുകൾ എന്നിവ പുതുതായി അനുവദിച്ച് പ്രവർത്തനം തുടങ്ങി. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ നീതി സ്റ്റോറുകൾ, മിനി സൂപ്പർ മാർക്കറ്റുകൾ എന്നീ പേരുകളിലുള്ള വിപണന ശാലകൾ പ്രവർത്തനം നടത്തുന്നില്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ ലാഭം മാർക്കറ്റുകളും മാവേലി സ്റ്റോറുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലസൗകര്യം ലഭിക്കുന്ന പക്ഷം ഇത്തരം ഷോപ്പുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly